REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തൃശൂർ പൂരം അലങ്കോലപ്പെടുത്തിയത് സംബന്ധിച്ച് ADGP എം ആർ അജിത് കുമാറിന്റെ അന്വേഷണ റിപ്പോർട്ട് ആഭ്യന്തര സെക്രട്ടറി തള്ളി. വീണ്ടും അന്വേഷണം വേണമെന്ന് ആഭ്യന്തര സെക്രട്ടറി.**
- **ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **അർജുനെ കണ്ടെടുത്തുക എന്ന ദൗത്യം ലക്ഷ്യത്തിലെത്തിക്കാൻ സാധിച്ചതിൽ തൃപ്തിയുണ്ടെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. അർജുൻ ഓടിച്ചിരുന്ന ലോറി കരയ്ക്ക് കയറ്റി.**
- **ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് നിധിൻ മധുകർ ജാംദാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.**
- **മുൻ MLAയും കോൺഗ്രസ്സ് നേതാവുമായിരുന്ന കെ.പി.കുഞ്ഞിക്കണ്ണൻ അന്തരിച്ചു.**
- **ഇന്ത്യ-ബംഗ്ലാദേശ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെ കാൺപൂരിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

തൃശൂർ പൂരം അലങ്കോലപ്പെടുത്തിയത് സംബന്ധിച്ച് ADGP എം ആർ അജിത് കുമാറിന്റെ അന്വേഷണ റിപ്പോർട്ട് ആഭ്യന്തര സെക്രട്ടറി തള്ളി. വീണ്ടും അന്വേഷണം നടത്താൻ ആഭ്യന്തര സെക്രട്ടറി നിർദ്ദേശിച്ചു.

ADGPക്കെതിരെയും അന്വേഷണം നടത്താൻ ആഭ്യന്തര സെക്രട്ടറി ശുപാർശ ചെയ്തു.

DGP ദർവേഷ് സാഹിബ് ഉന്നയിച്ച കാര്യങ്ങളിലാണ് അന്വേഷണത്തിന് ശുപാർശ നൽകിയിരിക്കുന്നത്. ADGPക്കെതിരെ DGP തല അന്വേഷണം വേണമെന്നാണ് ശുപാർശ. പൂരം കലക്കലിൽ മറ്റൊരു അന്വേഷണം കൂടി വേണമെന്നും നിർദ്ദേശമുണ്ട്. ക്രൈം ബ്രാഞ്ച് മേധാവിയുടെ നേതൃത്വത്തിൽ അന്വേഷണം വന്നേക്കും.

✪✪✪

തൃശൂർ പൂരം അലങ്കോലമാക്കിയ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുഖ്യമന്ത്രിയുടെ അറിവോടെയാണ് ADGP അജിത് കുമാർ പൂരം അലങ്കോലമാക്കിയതെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു.

മുഖ്യമന്ത്രി പിണറായി വിജയൻ ADGP എം ആർ അജിത് കുമാറിനെ സംരക്ഷിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ADGPക്കെതിരെ നാല് അന്വേഷണം നടക്കുമ്പോഴും അദ്ദേഹം ആ സ്ഥാനത്ത് തുടരുകയാണ്.

മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപജാപക സംഘമാണ് കേരള പോലീസിനെ നിയന്ത്രിക്കുന്നത് എന്നും VD സതീശൻ ആരോപിച്ചു.

✪✪✪

ഷിരൂരിൽ അർജുനൊപ്പം കാണാതായ ലോകേഷ്, ജഗന്നാഥൻ എന്നിവർക്കായി തിരച്ചിൽ തുടരുമെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു. അർജുനെ കണ്ടെടുത്തുക എന്ന ദൗത്യം ലക്ഷ്യത്തിലെത്തിക്കാൻ സാധിച്ചതിൽ സംതൃപ്തിയുണ്ടെന്നും അദ്ദേഹം നിലമ്പൂരിൽ പറഞ്ഞു.

ഷിരൂർ ദൗത്യത്തിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ എം പി അഭിനന്ദിച്ചു. രാജ്യം കണ്ട വലിയ രക്ഷാദൗത്യങ്ങളിൽ ഒന്നാണ് അർജുന് വേണ്ടി കർണാടക ഗവണ്മെന്റ് നടത്തിയതെന്നും അദ്ദേഹം പറഞ്ഞു .

കർണാടക ഗവണ്മെന്റ് കാണിച്ചത് മികച്ച മാതൃകയെന്ന് MK രാഘവൻ എംപിയും പ്രശംസിച്ചു. തെരച്ചിലിന്റെ മുഴുവൻ ചെലവും വഹിച്ചത് കർണാടക ഗവൺമെന്റാണ്. കേരളത്തിന്റെ നന്ദി അറിയിക്കുന്നുവെന്നും രാഘവൻ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

ഷിരൂരിൽ ഗംഗാവലിപ്പുഴയിൽ നിന്ന് അർജുൻ ഓടിച്ചിരുന്ന ലോറി കരയ്ക്ക് കയറ്റി. ക്യാബിനുള്ളിൽ കൂടുതൽ അസ്ഥികളുണ്ടെന്നാണ് വിവരം. ലോറിക്കകത്ത് നിന്ന് ഇവ പൂർണമായും ശേഖരിക്കും.

അതിനിടെ, ലോറിയുടെ കാബിനുള്ളിൽ നിന്ന് കിട്ടിയ ഷർട്ടും ബനിയനും അടക്കം അർജുൻ ഉപയോഗിച്ചിരുന്നതാണെന്ന് സഹോദരൻ തിരിച്ചറിഞ്ഞു. അർജുന്റെ മൃതദേഹം നാട്ടിലെത്തിക്കാൻ നടപടികൾക്ക് തുടക്കമായി. ഡിഎൻഎ സാമ്പിളുകൾ ശേഖരിച്ചു. പരിശോധനാ ഫലം വന്നാൽ നാളെത്തന്നെ മൃതദേഹം ബന്ധുക്കൾക്ക് കൈമാറും. എത്രയും വേഗം നടപടി പൂർത്തീകരിക്കുമെന്ന് കർണാടക ഗവണ്മെന്റ് വ്യക്തമാക്കി.

✪✪✪

അർജുന്റെ തിരച്ചിലിനായി സഹായിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നതായി സഹോദരി അഞ്ജു പറഞ്ഞു. കേരള-കർണാടക ഗവൺമെന്റുകൾ സാധ്യമായ എല്ലാ നടപടികളും ചെയ്തതായും അവർ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു.

മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി P രാജീവ്, സ്പീക്കർ AN. ഷംസീർ, പ്രതിപക്ഷ നേതാവ് VD. സതീശൻ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

കേരള ട്രാവൽ മാർട്ടിന്റെ പന്ത്രണ്ടാം പതിപ്പ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. ഉത്തരവാദിത്ത ടൂറിസം, മൈസ് ടൂറിസം, വെഡിങ് ഡെസ്റ്റിനേഷൻ, ക്രൂസ് ടൂറിസം എന്നീ മേഖലകളിലാണ് ഇത്തവണത്തെ ട്രാവൽ മാർട്ട് കേന്ദ്രീകരിക്കുന്നത്.

നാളെ മുതൽ 29 വരെ വെല്ലിംഗ്ടൺ ഐലൻഡിലെ സാഗര സമുദ്രിക കൺവെൻഷൻ സെന്ററിലാണ് ട്രാവൽ മാർട്ട് സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ലൈഫ് സയൻസ് രംഗത്ത് നിക്ഷേപം ആകർഷിയ്ക്കാൻ സംഘടിപ്പിക്കുന്ന ബയോകണക്ട് വ്യവസായ കോൺക്ലേവ് നാളെ തിരുവനന്തപുരത്ത് ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്ക് വെക്കുന്ന ആകാശവാണിയിലെ മൻ കി ബാത് പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും നാളെ വരെ നൽകാം. ഈ മാസം 29നാണ് മൻകി ബാത്തിന്റെ 114-ാം പതിപ്പ്.

✪✪✪

ജമ്മു കശ്മീരിൽ, അവസാന ഘട്ട തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി. ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് കത്വ, ഉധംപൂർ ജില്ലകളിൽ നാല് റാലികളെ അഭിസംബോധന ചെയ്യും.

പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ ജമ്മുവിലെത്തും. ലോക്സഭയിലെ പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി ഇന്നലെ ജമ്മുവിൽ ജനങ്ങളുമായി സംവദിക്കുകയും പാർട്ടിക്ക് വോട്ട് അഭ്യർത്ഥിക്കുകയും ചെയ്തു.

PDP അധ്യക്ഷയും മുൻ മുഖ്യമന്ത്രിയുമായ മെഹബൂബ മുഫ്തി ഇന്നലെ ജമ്മുവിൽ റോഡ് ഷോ നടത്തി.

അടുത്ത ചൊവ്വാഴ്ച 40 നിയമസഭാ സീറ്റുകളിലേക്കാണ് വോട്ടെടുപ്പ്. ജമ്മുവിലെ 24 ലും കശ്മീരിലെ 16 ഉം മണ്ഡലങ്ങളിലാണ് ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.

ഇന്നലെ 26 മണ്ഡലങ്ങളിൽ നടന്ന രണ്ടാം ഘട്ട വോട്ടെടുപ്പിൽ 57.03 ശതമാനമായിരുന്നു പോളിംഗ്.

✪✪✪

ഹരിയാനയിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി. മുതിർന്ന കോൺഗ്രസ് നേതാവും ലോക്സഭ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി തിരഞ്ഞെടുപ്പ് പ്രചാരണം ഇന്ന് കർണാൽ ജില്ലയിൽ നിന്ന്

ആരംഭിക്കും. അസാന്ധ് മണ്ഡലത്തിൽ പൊതുയോഗത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. നാളെ ഹിസാർ ജില്ലയിലെ ബർവാലയിലും പൊതുയോഗത്തിൽ രാഹുൽഗാന്ധി പങ്കെടുക്കും.

ഹരിയാന നിയമസഭയിലേക്ക് അടുത്ത മാസം 5 നാണ് വോട്ടെടുപ്പ്.

ജമ്മുകശ്മീരിലും ഹരിയാനയിലും അടുത്ത മാസം എട്ടിനാണ് വോട്ടെണ്ണൽ.

✪✪✪

മുൻ MLAയും KPCC. ജനറൽ സെക്രട്ടറിയുമായിരുന്ന കെ.പി. കുഞ്ഞിക്കണ്ണൻ അന്തരിച്ചു. അദ്ദേഹത്തിന് 75 വയസ്സായിരുന്നു. വാഹനാപകടത്തിൽ പരിക്കേറ്റ് ചികിൽസയിലിരിക്കെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ രാവിലെയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 1987ൽ കാസർകോട് ഉദുമ മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, വൈദ്യുതി ബോർഡ് അംഗം, കേരഫെഡ് ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. കുഞ്ഞിക്കണ്ണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

കണ്ണൂർ DCC ഓഫീസിൽ പൊതു ദർശനത്തിന് വെച്ച മുതദേഹത്തിൽ കോൺഗ്രസ് നേതാക്കളായ KC.വേണുഗോപാൽ, മുല്ലപ്പള്ളി രാമചന്ദ്രൻ, CPIM നേതാക്കളായ EP ജയരാജൻ, MV ജയരാജൻ തുടങ്ങി രാഷട്രീയ സാമൂഹ്യ രംഗത്തെ നിരവധി പേർ ആദരാഞ്ജലി അർപ്പിച്ചു. വൈകീട്ട് കാസർഗോഡ് DCC ഓഫീസിലും മൃതദേഹം പൊതു ദർശനത്തിന് വെക്കും. സംസ്കാരം നാളെ രാവിലെ സ്വദേശമായ പയ്യന്നൂർ മൂരികൊവ്വൽ കാറമ്മൽ ശ്മശാനത്തിൽ നടക്കും.

✪✪✪

ഇന്ത്യ-ബംഗ്ലാദേശ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെ കാൺപൂരിൽ ആരംഭിക്കും. ആദ്യ ടെസ്റ്റിലെ ടീമിൽ മാറ്റം വരുത്താതെ ആണ് ഇന്ത്യ രണ്ടാം ടെസ്റ്റിനിറങ്ങുന്നത്. ചെന്നൈയിലെ ആദ്യ ടെസ്റ്റ് ജയിച്ച് രണ്ട് മത്സര പരമ്പരയിൽ ഇന്ത്യ മുന്നിലാണ്.

✪✪✪

മക്കാവു ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് പ്രീ ക്വർട്ടറിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്തും ആയുഷ് ഷെട്ടിയും ഉച്ച കഴിഞ്ഞ് ഏറ്റുമുട്ടും. വനിതാ സിംഗിൾസ് പ്രീ ക്വർട്ടറിൽ ഇന്ത്യൻ ഷട്ടിൽ തസ്നിം മിർ ഇന്ന് നാലാം സീഡ് ജപ്പാന്റെ ടോമോക്ക മിയാസാക്കിയെ നേരിടും.

വനിതാ ഡബിൾസിൽ ഇന്ത്യയുടെ മൂന്നാം സീഡ് ജോഡികളായ ഗായത്രി ഗോപിചന്ദും ട്രീസ ജോളിയും തായ്‌വാൻ ജോഡികളുമായി പ്രീക്വാർട്ടറിൽ മത്സരിക്കും.

✪✪✪

IBSF ലോക പുരുഷ സ്നൂക്കർ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ കമൽ ചൗളക്ക് സ്വർണം. മംഗോളിയയിൽ പാകിസ്താൻ താരത്തെ പരാജയപ്പെടുത്തിയാണ് കമൽ ചൗളയുടെ നേട്ടം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, മൊഹമ്മദൻസ് SC യുമായി ഏറ്റുമുട്ടും. രാത്രി 7.30ന് ചെന്നൈയിലാണ് മൽസരം.

ഇന്നലെ പഞ്ചാബ് FC, ഹൈദരാബാദ് FC യെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി .

✪✪✪

തൃശൂരിൽ സ്വർണ വ്യാപാരിയെയും സുഹൃത്തിനെയും ആക്രമിച്ച് രണ്ടര കിലോ സ്വർണം കവർന്നു.

കോയമ്പത്തൂരിൽ നിന്ന് കാറിൽ കൊണ്ടുവന്നിരുന്ന സ്വർണാഭരണങ്ങളാണ് ദേശീയപാത കുതിരാനു സമീപം മൂന്നു കാറുകളിലായി പിന്തുടർന്നെത്തിയ സംഘം കവർന്നത്.

✪✪✪

കാട്ടുപന്നിശല്യം രൂക്ഷമായ കണ്ണൂർ ജില്ലയിലെ കേളകം പഞ്ചായത്തിലെ കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനു ഇന്നലെ രാത്രി ശ്രമം ആരംഭിച്ചതായി പഞ്ചായത്ത് പ്രസിഡണ്ട് CT അനീഷ് അറിയിച്ചു. എം പാനൽ ഷൂട്ടേഴ്സിനെ ഉപയോഗിച്ചാണ് നടപടി. ചെട്ടിയാംപറമ്പിൽ പാട്ടത്തിനെടുത്ത സ്ഥലത്ത് വിളകൾ കാട്ടുപന്നികൾ നശിപ്പിച്ച ദുഃഖത്തിൽ കർഷകൻ ഇന്നലെ ആത്മഹത്യക്ക് ശ്രമിച്ചിരുന്നു. ഇതേ തുടർന്നാണ് കാട്ടുപന്നികളെ വെടിവെക്കാൻ തീരുമാനിച്ചത്.

✪✪✪

കണ്ണൂർ അയ്യൻകുന്ന് പഞ്ചായത്തിലെ കാട്ടാനശല്യം പരിഹരിക്കുന്നതിന് കച്ചേരിക്കടവ് മുതൽ ബാരാപോൾ വരെ 6.5 കിലോമീറ്ററിൽ തൂക്കുവേലി നിർമിക്കുന്നതിന് ക്വട്ടേഷൻ നാളെ തുറന്ന് കരാർ നൽകുമെന്ന് DFO അറിയിച്ചു.

രണ്ട് കോടി 20 ലക്ഷം രൂപ ചെലവിൽ കൃഷിവകുപ്പിന്റെ സഹായത്തോടെയാണ് വേലി നിർമ്മിക്കുന്നത്. ഇതിന് ധാരണാപത്രം അടുത്തദിവസംതന്നെ ഒപ്പുവെക്കുമെന്നും DFO ജനപ്രതിനിധികൾക്ക് ഉറപ്പുനൽകി.

പഞ്ചായത്തിലെ കച്ചേരിക്കടവ്, പാലത്തിൻകടവ് മേഖലകളിലെ കാട്ടാന ശല്യത്തെ തുടർന്ന് ഇന്നലെ കർഷകരും ജനപ്രതിനിധികളും വനപാലക സംഘത്തെ ഏഴ് മണിക്കൂറോളം കൃഷിയിടത്തിൽ തടഞ്ഞു വെച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് വെടിമരുന്ന് ലൈസൻസ് നൽകുന്നതിലും, പുതുക്കലിലും ക്രമക്കേടുകൾ നടക്കുന്നതായി വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തി. ഓപ്പറേഷൻ വിസ്ഫോടൻ എന്ന പേരിൽ പരിശോധന ഇന്നും തുടരും. ലൈസൻസ് അപേക്ഷകളിൽ അനാവശ്യ കാലതാമസവും, അവ്യക്തതകളും ഇന്നലെ പരിശോധനയിൽ കണ്ടെത്തിയിരുന്നു.

✪✪✪

ഇന്ന് ലോക പരിസ്ഥിതി ആരോഗ്യദിനം. പരിസ്ഥിതിയും മനുഷ്യന്റെ ആരോഗ്യവും തമ്മിലെ പരസ്പര ബന്ധത്തെക്കുറിച്ച് അവബോധം വളർത്താൻ ലക്ഷ്യമിട്ടാണ് എല്ലാ വർഷവും സെപ്തംബർ 26 ലോക പരിസ്ഥിതി ആരോഗ്യ ദിനമായി ആചരിക്കുന്നത്.

ആരോഗ്യകരമായ ഭാവിക്കായി ആരോഗ്യകരമായ ചുറ്റുപാടുകൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ ദേവികുളം ടോൾ പ്ലാസയിൽ ഏതാനും ദിവസത്തിനുള്ളിൽ വാഹനങ്ങളിൽ നിന്ന് പണം ഈടാക്കിത്തുടങ്ങും. ഇടുക്കി ജില്ലയിലെ ആദ്യ ടോൾ പ്ലാസയാണ് ദേവികുളത്തേത്.

✪✪✪